ദേശീയ ഭാഷ.

* 25. [27] ശ്രീ. എൻ. ജി. ചാക്കോ : തന്നെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ 15 വർഷത്തിനകം ഹിന്ദി ദേശീയ ഭാഷ ആക്കാൻ സാധിക്കുമെന്ന് തനിക്കു പ്രതീക്ഷയില്ലെന്നും അതുകൊണ്ട് ആ കാലാവധി രണ്ടോ 15 വർഷത്തേയ്ക്കു കൂടി നീട്ടണമെന്നുമുള്ള മദ്രാസ് മുഖ്യമന്ത്രി ശ്രീ. മൊറാർജി നാടാരുടെ പ്രസ്താവന ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയത്തെ സംബന്ധിച്ച് 1955 മേയ് മാസത്തിൽ ദേശാഭിമാനി പത്രത്തിന്റെ ഒരു ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മറ്റു മുഖപ്രസംഗം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ആഭ്യന്തര മന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) ഇല്ല.

(ബി) 8-5-1955-ലെ ദേശാഭിമാനി പത്രത്തിലെ മുഖപ്രസംഗം കാണാറുണ്ടായിരുന്നു.

ശ്രീ. എൻ. ജി. ചാക്കോ : അതിനെപ്പറ്റി ഗവണ്മെന്റിനു വ്യക്തമായ വല്ല അഭിപ്രായവുമുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഇല്ല.

ശ്രീ. എൻ. ജി. ചാക്കോ : അതിനെപ്പറ്റി എന്തെങ്കിലും തീരുമാനിക്കുമെന്ന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഇതുവരെ ഗവണ്മെന്റ് അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. എ. തങ്കപിള്ള : ഖേർ കമ്മീഷന്റെ റിപ്പോർട്ടിലെ ഇക്കാര്യം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഉണ്ടെന്നാണ് ഓർമ്മ.

ശ്രീ. എ. തങ്കപിള്ള : അതിനെപ്പറ്റി ഗവണ്മെന്റ് അഭിപ്രായം രൂപീകരിക്കുന്നതിനു മുമ്പ് ഈ സഭയുമായി ആലോചിക്കുമെന്ന് വല്ലതും പറയുന്നുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതിനെപ്പറ്റിയും ആലോചിക്കാം.

ശ്രീ. കെ. സി. ജോർജ് : മദ്രാസി അങ്ങനെ ഒരു നടപടി എടുത്തിട്ടുള്ളതായി അറിയുമോ ?

ശ്രീ. എ. ജെ. ജോൺ : പത്രങ്ങളിൽ കണ്ടു.

ശ്രീ. ഒ. വി. മേനോൻ : പതിനഞ്ചു കൊല്ലത്തെ കാലാവധിയിരുന്നതിനെ അപേക്ഷിച്ചുമാത്രം അതു നീട്ടിക്കിട്ടണമെന്നും ഗവണ്മെന്റിനു അഭിപ്രായമുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതിനെപ്പറ്റി ഇതുവരെ ആലോചിച്ചിട്ടില്ല. ഇനിമേൽ ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly